# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 512 — 01.12.2015 ൽ മറുപടിയ്ക്ക്

## സഹകരണ റിസ്ക് ഫണ്ട് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എ. അസീസ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) സർവീസ് സഹകരണ ബാങ്കുകൾ ഉൾപ്പെടെ വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം അനുവദിച്ച് ടി അംഗങ്ങളെ വായ്പാ ബാധ്യതയിൽ നിന്ന് ഒഴിവാക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ സംഘം പൊതുയോഗത്തിന്റെ അനുമതിയോടും രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതി തള്ളാവുന്നതാണ്. വായ്പയെടുത്തശേഷം വായ്പക്കാരന് മാരക രോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ പരമാവധി 75,000/- രൂപയുടെ ആനുകൂല്യവും ഈ പദ്ധതി പ്രകാരം അനുവദിക്കുന്നു. ഇതിലേയ്ക്കായി വായ്പ നൽകുന്ന സംഘം/ബാങ്ക് റിസ്ക് ഫണ്ട് പദ്ധതിയിൽ |

| | | |
|---|---|---|
| | | ചേരുകയും നൽകുന്ന ഓരോ വായ്പകളിൽ നിന്നും 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ബന്ധപ്പെട്ട സഹകരണ സംഘം / ബാങ്ക് വായ്പാക്കാരനിൽ നിന്ന് ഈടാക്കി പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് അടയ്ക്കേണ്ടതായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം നിലവിലുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ